പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 632** | **13-10-2026-ൽ മറുപടിയ്ക്ക്**

<u>**ബാറുടമകളിൽ നിന്ന് മാസപ്പടി**</u>

<u>**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എം. എസ്. അരുൺ കുമാർ

<u>**മറുപടി നൽകിയ മന്ത്രി**</u>

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ ബാറുടമകളിൽ നിന്ന് മാസപ്പടി കൈപ്പറ്റുന്നത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ കണക്കുബുക്ക് പുറത്തുവന്നതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>**മറുപടി:**</u> എക്സൈസ് ഉദ്യോഗസ്ഥർ ബാറുടമകളിൽ നിന്ന് മാസപ്പടി കൈപ്പറ്റുന്നത് സംബന്ധിച്ച് വിവരങ്ങൾ അടങ്ങിയ കണക്ക് ബുക്ക് ലഭിച്ചിട്ടില്ല.

**(ബി)** അമിതമായ പണപ്പിരിവിനെക്കുറിച്ച് ബാറുടമകൾ നേരിട്ട് പരാതി നൽകിയിട്ടും യഥാസമയം നടപടിയെടുക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ;

<u>**മറുപടി:**</u> ബാറുടമകൾ നേരിട്ട് പരാതികളൊന്നും നൽകിയിട്ടില്ല. എന്നാൽ എക്സൈസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് കോട്ടയം ഡെപ്യൂട്ടി കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

**(സി)** മാസപ്പടി പിരിവ് നേരിട്ട് പിടികൂടി അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത ഉന്നത ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്ന് മാറ്റാൻ അഴിമതി ലോബി നീക്കങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ കാണുന്നുവെന്ന് അറിയിക്കുമോ;

<u>**മറുപടി:**</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** കോഴ വാങ്ങി തയ്യാറാക്കുന്നതായി പറയപ്പെടുന്ന സ്ഥലംമാറ്റ പട്ടികയിലൂടെ, വകുപ്പിൽ അഴിമതി വ്യാപകമാകുന്നത് തടയാനും കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാനും എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>**മറുപടി:**</u> എക്സൈസ് വകുപ്പിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭരണ സൗകര്യാർത്ഥവും പൊതു ജന താല്പര്യവും പരിഗണിച്ചാണ് സ്ഥലംമാറ്റ പട്ടിക തയ്യാറാക്കുന്നത്.

**സെക്ഷൻ ഓഫീസർ**